14
2024
മേയ്
ചൊവ്വ
മേടം 31

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.184 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-184 പേജ് 4. വില 2.00 രൂപ




02 പോലീസ് കാവലിൽ ഡ്രൈവിംഗ് ടെസ്റ്റ്; കൂകിവിളിച്ച് പ്രതിഷേധക്കാർ
03 പട്ടം എസ് യു ടി ആശുപത്രിയുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു
04 കേരളത്തിലെ വിദ്യാഭ്യാസത്തിനു എന്ത് പറ്റി?

# മത്സ്യബന്ധന ബോട്ടിൽ കപ്പലിടിച്ച് 2 മരണം; 4 പേരെ രക്ഷപ്പെടുത്തി

## ഇടിയുടെ ആഘാതത്തിൽ ബോട്ട് രണ്ടായി മുറിഞ്ഞ് കടലിൽ താഴ്ന്നു

പൊന്നാനി: മലപ്പുറം പൊന്നാനിയിൽ നിന്നും മത്സ്യബന്ധനത്തിന് പോയ ബോട്ടിൽ കപ്പലിടിച്ചുണ്ടായ അപകടത്തിൽ രണ്ട് പേർ മരിച്ചു. പൊന്നാനി സ്വദേശികളായ സലാം, ഗഫൂർ എന്നിവരാണ് മരിച്ചത്. ബോട്ടിലുണ്ടായിരുന്നു മറ്റു നാല് പേരെ രക്ഷപ്പെടുത്തി.

അഴീക്കൽ സ്വദേശി മരക്കാട്ട് നൈനാറിന്റെ ഉടമസ്ഥതയിലുള്ള 'ഇസ്‌ലാഹി' എന്ന ബോട്ടാണ് ഇന്ന് പുലർച്ചെ അപകടത്തിൽ പെട്ടത്. ഇടിയുടെ ആഘാതത്തിൽ ബോട്ട് രണ്ടായി മുറിഞ്ഞ് കടലിൽ താഴ്ന്നു.



അപകടമുണ്ടാക്കുന്ന വിധം തീരത്തോടു ചേർന്നാണ് കപ്പൽ സഞ്ചരിച്ചിരുന്നതെന്ന് മത്സ്യത്തൊഴിലാളികൾ പറഞ്ഞു. പൊന്നാനിയിൽ നിന്ന് 38 നോട്ടിക് മൈൽ അകലെ വച്ചാണ് അപകടമുണ്ടായത്.

ബോട്ടുകളെല്ലാം കടലിൽ ഉണ്ടായിരുന്നതിനാൽ ഉടൻ സംഭവ സ്ഥലത്ത് എത്താൻ നിർദേശം നൽകുകയായിരുന്നു. കാണാതായവരെ കണ്ടെത്താനായി തീരദേശ പോലീസും മൽസ്യബന്ധന തൊഴിലാളികളും അടക്കമുള്ള വിവിധ സംഘങ്ങളുടെ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. തിരച്ചിലിനായി കൊച്ചിയിൽ നിന്ന് നാവികസേനയുടെ സഹായവും തേടിയിട്ടുണ്ട്.

# കള്ളക്കടൽ വീണ്ടും കടലാക്രമണത്തിന് സാധ്യത, കേരളതീരത്ത് ജാഗ്രത

തിരുവനന്തപുരം: കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കേരള തീരത്ത് ജാഗ്രതാനിർദേശം പുറപ്പെടുവിച്ചു. ഇന്ന് രാത്രി 11.30 വരെ 0. 5 മുതൽ 1.2 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും ആയതിൻറെ വേഗം സെക്കൻഡിൽ 20 രാ നും 50 രാ നും ഇടയിൽ മാറിവരാൻ സാധ്യതയുണ്ടെന്നും മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി തെക്കൻ തമിഴ്നാട് തീരത്ത് ഇന്ന് രാത്രി 11.30 വരെ 0. 7 മുതൽ 1.1 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും ആയതിൻറെ വേഗം സെക്കൻഡിൽ 20 രാ നും 50 രാ നും ഇടയിൽ മാറിവരുവാൻ സാധ്യതയുണ്ടെന്നും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറിതാമസിക്കണം. മൽസ്യബന്ധന യാനങ്ങൾ (ബോട്ട്, വള്ളം, മുതലായവ) ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കുക. വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് കൂട്ടിയിടിച്ചുള്ള അപകട സാധ്യത ഒഴിവാക്കണം. മത്സ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കണം. ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു.

## ഇരയെ തട്ടിക്കൊണ്ടു പോയെന്ന കേസിൽ എച്ച്. ഡി. രേവണ്ണയ്ക്ക് ജാമ്യം

ബംഗളൂരു: അശ്ലീല ദൃശ്യ വിവാദത്തിന് പിന്നാലെ പരാതിക്കാരിയെ തട്ടിക്കൊണ്ടുപോയി തടവിൽ പാർപ്പിച്ചെന്ന കേസിൽ അറസ്റ്റിലായ ജെഡിഎസ് നേതാവും എംഎൽഎയുമായ എച്ച്. ഡി. രേവണ്ണയ്ക്ക് ജാമ്യം. ബംഗളൂരുവിലെ ജനപ്രതിനിധികളുടെ കേസ് പരിഗണിക്കുന്ന പ്രത്യേക കോടതിയാണ് ജാമ്യം അനുവദിച്ചത്. കഴിഞ്ഞ ദിവസം രേവണ്ണയ്ക്കെതിരെ പരാതി നൽകിയ സ്ത്രീ തൻറെ മൊഴി മാറ്റിയിരുന്നു. ഇതോടെയാണ് ആറ് ദിവസമായി ജയിലിൽ കഴിഞ്ഞ രേവണ്ണയ്ക്ക് ജാമ്യം നേടാനായത്. രേവണ്ണയുടെ മകൻ പ്രജ്വൽ രേവണ്ണക്കെതിരെ പീഡന പരാതി നൽകിയ സ്ത്രീയുടെ മകനാണ് അമ്മയെ രേവണ്ണ തട്ടിക്കൊണ്ടുപോയെന്ന് പരാതി നൽകിയത്. പോലീസാണ് ഇവരെ രക്ഷിച്ചത്.

# മുംബൈയിൽ ശക്തമായ പൊടിക്കാറ്റിൽ കൂറ്റൻ പരസ്യബോർഡ് തകർന്നുവീണു; 8 മരണം, 64 പേർക്ക് പരുക്ക്

മുംബൈ : ശക്തമായ മഴയെയും പൊടിക്കാറ്റിനെയും തുടർന്ന് കൂറ്റൻ പരസ്യ ബോർഡ് തകർന്നുവീണ് എട്ടു പേർ മരിച്ചു. 64 പേർക്ക് പരുക്കേറ്റു. നിരവധിപ്പേർ കുടുങ്ങിക്കിടക്കുന്നതായി സംശയം. അവശിഷ്ടങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരെ പുറത്തെത്തിക്കാനുള്ള രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. ദേശീയ ദുരന്ത നിവാരണ സേന, അഗ്നിരക്ഷാ സേന, പൊലീസ് എന്നിവർ ചേർന്നാണ് രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നത്.

മുംബൈ ഘട്കോപ്പറിൽ തിങ്കളാഴ്ച വൈകിട്ടാണ് സംഭവം. പെട്രോൾ പമ്പിന് എതിർ വശത്തുള്ള പടുകൂറ്റൻ പരസ്യബോർഡാണ് തകർന്നു വീണത്. ഇന്ധനം നിറയ്ക്കുന്നതിനും മറ്റുമായി എത്തിയ വാഹനങ്ങൾക്കു മുകളിലേക്കാണ് പരസ്യബോർഡ് വീണത്. രക്ഷാപ്രവർത്തനങ്ങൾക്കായി ക്രെയിനുകളും ഗ്യാസ് കട്ടറുകളും എത്തിച്ചിട്ടുണ്ടെന്ന് മുംബാ കോർപ്പറേഷൻ അധികൃതർ അറിയിച്ചു.

മഹാരാഷ്ട്ര മുഖ്യമന്ത്രി ഏകനാഥ് ഷിൻഡെ സ്ഥലത്തെത്തി രക്ഷാപ്രവർത്തനം വിലയിരുത്തി. പരുക്കേറ്റവർക്ക് സർക്കാർ ചെലവിൽ ചികിത്സയും മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് 500,000 രൂപ നഷ്ടപരിഹാരവും മുഖ്യമന്ത്രി പ്രഖ്യാപിച്ചു. സംഭവത്തിൽ അന്വേഷണം ആരംഭിച്ചെന്നും ഉത്തരവാദികളായവർക്കെതിരെ കേസെടുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സംഭവത്തിൽ അന്വേഷണം നടത്തണമെന്ന് മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫട്നാവിസും പറഞ്ഞു.

# പാലക്കാട് ഡിവിഷൻ അടച്ചുപൂട്ടില്ലെന്ന് റെയിൽവേ

പാലക്കാട്: പാലക്കാട് ഡിവിഷൻ അടച്ചുപൂട്ടില്ലെന്ന് റെയിൽവേ. പാലക്കാട് ഡിവിഷൻ അടച്ചുപൂട്ടുന്നുവെന്ന വാർത്ത അടിസ്ഥാന രഹിതമാണ്. അത്തരം ചർച്ച പോലും നടന്നിട്ടില്ല. ഇപ്പോൾ വരുന്ന വാർത്തകൾ തെറ്റിദ്ധാരാജനകമെന്നും റെയിൽവേ അറിയിച്ചു.

അതേസമയം പാലക്കാട് റെയിൽവേ ഡിവിഷൻ അടച്ചുപൂട്ടാനുള്ള തീരുമാനത്തിൽനിന്ന് റെയിൽവേ പിന്മാറണമെന്നാവശ്യപ്പെട്ടു മന്ത്രി വി. അബ്ദുറഹിമാൻ കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയച്ചിരുന്നു

കേന്ദ്രം കേരളത്തോടു തുടരുന്ന അവഗണനയുടെയും പ്രതികാരബുദ്ധിയുടെയും മറ്റൊരു ഉദാഹരണമാണ് റെയിൽവേ ഡിവിഷൻ ഇല്ലാതാക്കൽ. യാത്രക്കാരുടെ എണ്ണത്തിലും വരുമാനത്തിലും മുന്നിലാണ് പാലക്കാട് ഡിവിഷൻ. ഒരു പോരായ്മകളൊന്നും ഇല്ലാതിരുന്നിട്ടും ഡിവിഷൻ നിർത്തലാക്കുന്നത് കേരളത്തിനെതിരായ ഗൂഢനീക്കമാണ്. യുപിഎ സർക്കാർ കാലത്ത് പാലക്കാട് ഡിവിഷൻ മുറിച്ചാണ് സേലം ഡിവിഷൻ തുടങ്ങിയത്. പിന്നീട് പാലക്കാട് ഡിവിഷനെ ദുർബലപ്പെടുത്താൻ നീക്കമുണ്ടായി. പാലക്കാടിനെ മംഗളൂരുവിൻറെ ഭാഗമാക്കാൻ കേന്ദ്രം ശ്രമം നടത്തി.

കേന്ദ്ര അവഗണനയ്ക്കെതിരേ ചെറുവിരലനക്കാൻ യുഡിഎഫ് എംപിമാർക്ക് കഴിഞ്ഞിട്ടില്ല. അവർ പലപ്പോഴും കേരളത്തെ ഒറ്റുകൊടുക്കുന്ന നിലപാടുകളാണ് സ്വീകരിച്ചത്. കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രി പച്ചക്കള്ളങ്ങൾ പറഞ്ഞ് ജനങ്ങളെ കബളിപ്പിക്കുന്നു. പാത ഇരട്ടിപ്പിക്കൽ, പുതിയ പാതകൾ അനുവദിക്കൽ, കൂടുതൽ പുതിയട്രെയിനുകൾ എന്നീ കാര്യങ്ങളിൽ കേന്ദ്ര അവഗണന അവസാനിപ്പിക്കണമെന്നും അബ്ദുറഹിമാൻ ആവശ്യപ്പെട്ടിരുന്നു.

## കേജരിവാളിനെ മുഖ്യമന്ത്രി സ്ഥാനത്തുനിന്നും നീക്കണമെന്ന ഹർജി തള്ളി

ന്യൂഡൽഹി: ആം ആദ്മി പാർട്ടി അധ്യക്ഷൻ അരവിന്ദ് കേജരിവാളിനെ ഡൽഹി മുഖ്യമന്ത്രി സ്ഥാനത്തുനിന്നു നീക്കണമെന്ന ഹർജി സുപ്രീം കോടതി തള്ളി. മദ്യനയക്കേസിൽ അരവിന്ദ് കേജരിവാളിനെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് അറസ്റ്റു ചെയ്ത പശ്ചാത്തലത്തിൽ സമർപ്പിച്ച പൊതുതാത്പര്യ ഹർജിയാണ് സുപ്രീം കോടതി തള്ളിയത്.

മുഖ്യമന്ത്രിയെ സ്ഥാനത്തുനിന്നും നീക്കുന്നത് ലഫ്റ്റനൻറ് ഗവർണറുടെ അധികാര പരിധിയിൽ പെട്ട കാര്യങ്ങളാണെന്നും കോടതി ഇടപെടില്ലെന്നും ജസ്റ്റീസുമാരായ സഞ്ജീവ് ഖന്നയും ദീപാങ്കർ ദത്തയും വ്യക്തമാക്കി.

മുഖ്യമന്ത്രിയെ നീക്കാൻ ആവശ്യപ്പെടുന്നത് നിയമപരമായ അവകാശമല്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. ഇത് ഔചിത്യവുമായി ബന്ധപ്പെട്ട കാര്യമാണെന്ന് ബെഞ്ച് പറഞ്ഞു.

ഡൽഹി മുഖ്യമന്ത്രിയെ സ്ഥാനത്തുനിന്ന് നീക്കാൻ നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി പരിഗണിക്കാൻ ഡൽഹി ഹൈക്കോടതി അടുത്തിടെ വിസമ്മതിച്ചിരുന്നു. ഹർജിക്കാരൻ കോടതിയെ രാഷ്ട്രീയമായി വലിച്ചിഴയ്ക്കാൻ ശ്രമിക്കുകയാണെന്ന് പറഞ്ഞ ഹൈക്കോടതി, 50, 000 രൂപ പിഴ ചുമത്തുമെന്ന് പറഞ്ഞിരുന്നു.

## കെഎസ്ഇബി ജീവനക്കാരൻ ഷോക്കേറ്റു മരിച്ചു

കൊല്ലം: ശാസ്താംകോട്ടയിൽ ലൈൻ തകരാർ പരിഹരിക്കുന്നതിനിടെ കെഎസ്ഇബി ജീവനക്കാരൻ ഷോക്കേറ്റു മരിച്ചു. ശാസ്താം കോട്ട സ്വദേശി പ്രദീപിനാണ് മരിച്ചത്. രാവിലെ 10. 30 ഓടെയായിരുന്നു സംഭവം. പണിക്കിടെ ഷോക്കേറ്റ പ്രദീപൻ ഏണിയിൽ സേഫ്റ്റി ബെൽറ്റിൽ തൂങ്ങി കിടക്കുകയായിരുന്നു. മൃതദേഹം പിന്നീട് പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് മാറ്റി.

15 വർഷമായി കെഎസ്ഇബിയിൽ ജോലി ചെയ്യുന്ന ആളാണ് മരിച്ച പ്രദീപൻ. സംഭവത്തെക്കുറിച്ച് വകുപ്പുതല അന്വേഷണം നടത്തുമെന്ന് കെഎസ്ഇബി അസിസ്റ്റൻറ് എഞ്ചിനിയർ അറിയിച്ചു.

# പാനൂർ വിഷ്ണുപ്രിയ കൊലക്കേസ്: പ്രതി ശ്യാംജിത്തിന് ജീവപര്യന്തം

കണ്ണൂർ: പാനൂർ വിഷ്ണുപ്രിയ കൊലക്കേസിൽ പ്രതി ശ്യാംജിത്തിന് ജീവപര്യന്തം തടവുശിക്ഷ. കൊലപാതകക്കുറ്റത്തിനാണ് ജീവപര്യന്തം തടവുശിക്ഷ വിധിച്ചിരിക്കുന്നത്.

വീട്ടിൽ അതിക്രമിച്ച് കയറിയതിന് 10 വർഷം തടവ് അനുഭവിക്കുകയും രണ്ടുലക്ഷം രൂപ പിഴ ഒടുക്കുകയും വേണം.

പ്രണയാഭ്യർഥന നിരസിച്ചതിൻറെ പേരിലാണ് വള്ള്യായി കണ്ണച്ചാങ്കണ്ടി വീട്ടിൽ വിഷ്ണുപ്രിയയെ (23) മാനന്തേരി കളത്തി!ൽ ഹൗസിൽ ശ്യാംജിത് (25) വീട്ടിൽ കയറി കൊലപ്പെടുത്തിയത്. ഐപിസി 449,302 വകുപ്പുകൾ പ്രകാരം കുറ്റക്കാരനെന്ന് അഡീഷണൽ സെഷൻസ് കോടതി (ഒന്ന്) ജഡ്ജി എ. വി. മൃദുല കണ്ടെത്തിയിരുന്നു.

2023 സെപ്റ്റംബർ 21നാണ് കേസിൽ വിചാരണ തുടങ്ങിയത്. 14 മാസം കൊണ്ടാണ് വിചാരണയും വാദപ്രതിവാദവുമെല്ലാം പൂർത്തിയായത്. കേസിൽ 73 സാക്ഷികളാണുള്ളത്. പ്രോസിക്യൂഷനുവേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ കെ. അജിത്താണ് ഹാജരായത്. പാനൂർ സിഐ എം. പി. ആസാദാണ് കേസന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചത്.



2022 ഒക്ടോബർ 22ന് രാവിലെയാണ് 23 വയസുകാരിയായ വിഷ്ണുപ്രിയ കൊല്ലപ്പെട്ടത്. അടുത്ത ബന്ധുവിൻറെ മരണാനന്തര ചടങ്ങുകൾക്ക് വേണ്ടി വീട്ടിലുള്ളവരെല്ലാം പോയ സമയത്ത്, വിഷ്ണുപ്രിയ തനിച്ചായിരിക്കുമ്പോഴാണ് ആക്രമണമുണ്ടായത്.

ബന്ധുവീട്ടിലായിരുന്ന വിഷ്ണുപ്രിയ രാവിലെ വസ്ത്രം മാറാനും മറ്റുമായി വീട്ടിലെത്തിയതായിരുന്നു. ഏറെ നേരം കഴിഞ്ഞിട്ടും മകളെ കാണാതായതോടെ അന്വേഷിച്ചിറങ്ങിയ അമ്മയാണ് രക്തത്തിൽ കുളിച്ചുകിടക്കുന്ന വിഷ്ണുപ്രിയയെ ആദ്യം കണ്ടത്.കിടക്കയിൽ ഇരിക്കുകയായിരുന്ന വിഷ്ണുപ്രിയയെ ചുറ്റികകൊണ്ട് തലക്കടിച്ചു വീഴ്ത്തിയ പ്രതി കഴുത്തറത്തെന്നും മരണം ഉറപ്പിക്കാൻ യുവതിയുടെ ഇരു കൈത്തണ്ടകളിലെയും കണങ്കാലുകളിലെയും ഞരമ്പുകൾ മുറിച്ചതായും പബ്ലിക് പ്രോസിക്യൂട്ടർ ശാസ്ത്രീയ തെളിവുകൾ ഹാജരാക്കികൊണ്ട് പറഞ്ഞു.

വിഷ്ണുപ്രിയ ആൺ സുഹൃത്തുമായി വീഡിയോകോൾ ചെയ്യുന്ന സമയത്തായിരുന്നു പ്രതി ആയുധങ്ങളുമായി വീട്ടിലേക്ക് എത്തിയത്. ശ്യാംജിത്ത് വിഷ്ണുപ്രിയയുടെ വീട്ടിലേക്ക് കയറി വരുന്നത് ഈ വീഡിയോ കോളിൽ പതിഞ്ഞിരുന്നു. ഈ 13 സെക്കൻഡ് ദൃശ്യമാണ് കേസിൽ നിർണായക തെളിവായത്. മാറിടത്തിലും വയറ്റിലും ഉൾപ്പെടെ 21 മുറിവുകൾ വിഷ്ണുപ്രിയയുടെ ദേഹത്ത് ഉണ്ടായിരുന്നതാ!യി പോസ്റ്റ്മോർട്ടം നടത്തിയ പരിയാരം മെഡിക്കൽ കോളജിലെ ഫോറൻസിക് സർജൻ ഡോ. ഗോപാലകൃഷ്ണപിള്ള കോടതിയിൽ മൊഴി നൽകി. സംഭവ ദിവസം വൈകുന്നേരം തന്നെ പ്രതിയെ അറസ്റ്റ് ചെയ്തിരുന്നു. കുഞ്ചാക്കോ ബോബൻ നായകനായ 'അഞ്ചാംപാതിര' എന്ന സിനിമയാണ് കൊലപാതകം ആസൂത്രണം ചെയ്യാൻ പ്രതി ആധാരമാക്കിയതെന്നും പോലീസ് കണ്ടെത്തിയിരുന്നു. പ്രതി ഉപയോഗിച്ച വെളുത്ത അപ്പാച്ചെ ബൈക്ക് രണ്ടാം നിലയിലുള്ള കോടതി ഹാളിൽ എത്തിച്ച് വിസ്തരിച്ചതും സാക്ഷി തിരിച്ചറിഞ്ഞതും ഈ കേസിൻറെ പ്രത്യേകതയായിരുന്നു.

# കടലിൽ കുളിക്കാനിറങ്ങിയ യുവാവ് മുങ്ങി മരിച്ചു

വൈപ്പിൻ: പുതുവൈപ്പ് ബീച്ചിൽ കുളിക്കാനിറങ്ങിയ ഏഴംഗ സംഘത്തിലുൾപ്പെട്ട യുവാവ് മുങ്ങിമരിച്ചു. രണ്ട് പേർ ആശുപത്രിയിൽ ചികിത്സയിലാണ്. കലൂർ കതൃക്കടവ് പത്ത് മുറി വെള്ളേപ്പറമ്പിൽ വീട്ടിൽ സുരേന്ദ്രൻപിള്ളയുടെ മകൻ അഭിഷേക് (21) ആണ് മരിച്ചത്. കതൃക്കടവ് മേത്തേക്കാട്ട് വീട്ടിൽ ബോബന്റെ മകൻ മിലൻ (20), ഗാന്ധിനഗർ ചെറുവുള്ളിപറമ്പ് ആന്റണിയുടെ മകൻ ആൽവിൻ (20) എന്നിവരാണ് എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലുള്ളത്.

രാവിലെ ഏഴുമണിയോടെ കുളിക്കാനിറങ്ങിയ സംഘത്തിലെ മൂന്നു പേർ കരക്കുകയറി. എന്നാൽ മറ്റു മൂന്നു പേരെ തിരയിൽപ്പെട്ട് കാണാതാവുകയായിരുന്നു. ബീച്ചിൽ നീന്തൽ പരിശീലനം നടത്തിയിരുന്ന വൈപ്പിൻ ബീച്ച് ക്ലബിലെയും ഡോൾഫിൻ ക്ലബിലെയും നീന്തൽ വിദഗ്ധർ കടലിൽ ഇറങ്ങി മൂന്നു പേരെയും രക്ഷപ്പെടുത്തി കരയ്ക്കെത്തിച്ചു. ആദ്യം രണ്ടുപേരെയാണ് കിട്ടിയത്. അഭിഷേകിനെ കുറച്ചുസമയം കഴിഞ്ഞാണ് കണ്ടെത്താനായത്.

ഒരു ടാക്സി കാറിൽ ആദ്യം കിട്ടിയ രണ്ടുപേരെയും പിന്നീട് പൊലീസ് വാഹനത്തിൽ അഭിഷേകിനെയും ആശുപത്രിയിൽ എത്തിച്ചെങ്കിലും അഭിഷേകിന്റെ ജീവൻ രക്ഷിക്കാനായില്ല. ഇന്നലെ രാവിലെ 6ന് കതൃക്കടവിൽ നിന്നും തിരിച്ച ഏഴു പേർ അടങ്ങുന്ന സഹൃദ്സംഘം ഏഴോടെയാണ് പുതുവൈപ്പ് ബീച്ചിലെത്തി കുളിക്കാൻ ഇറങ്ങിയത്. കടലിൽ അകലേക്ക് പോകരുതെന്ന് സമീപത്തുണ്ടായിരുന്നവർ അവർക്ക് മുന്നറിയിപ്പ് നൽകിയിരുന്നു. കവിതയാണ് അഭിഷേകിന്റെ അമ്മ. ജ്യേഷ്ഠൻ: അഭിജിത്ത്. അഭിഷേക് കടവന്ത്രയിലെ ഹീറോ സർവീസ് സെന്റിലെ ജോലിക്കാരനാണ്. അഭിഷേകിന്റെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനുശേഷം കതൃക്കടവിലെ വീട്ടിൽ പൊതുദർശനത്തിനു വെച്ചു. പിന്നീട് സംസ്കാരത്തിനായി സ്വദേശമായ കരുനാഗപ്പള്ളിയിലേക്ക് കൊണ്ടുപോയി.

# കരമന അഖിൽ കൊലക്കേസ്: മുഖ്യ പ്രതികളടക്കം ഏഴുപേർ പിടിയിൽ

തിരുവനന്തപുരം: കരമന മരുതൂർ കടവിൽ അഖിൽ എന്ന യുവാവിനെ ക്രൂരമായി അക്രമിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ മുഖ്യപ്രതി ഉൾപ്പെടെ ഏഴുപേർ പിടിയിൽ. ഇന്നലെ രാത്രിയോടെയാണ് കരമന പോലീസ് പ്രതികളെ പിടികൂടിയത്. ഇതോടെ കൊലപാതകത്തിൽ നേരിട്ടു പങ്കെടുത്ത മുഴുവൻ പ്രതികളും പിടിയിലായതായി പോലീസ് പറഞ്ഞു.

മുഖ്യപ്രതികളായ അഖിൽ എന്ന അപ്പുവും വിനീത് രാജും കേസിൽ നേരിട്ടു പങ്കുള്ള സുമേഷുമാണ് ഇന്നലെ പിടിയിലായത്. അഖിൽ എന്ന അപ്പുവിനെ തമിഴ്നാട്ടിലെ വെള്ളിലോഡിൽ നിന്നും വിനീതിനെ തന്പാനൂർ ചെങ്കൽചൂളയിൽ നിന്നുമാണ് കരമന പോലീസ് പിടികൂടിയത്. ഇരുവരും ചേർന്നാണ് അഖിലിനെ കന്പിവടികൊണ്ടു തലയ്ക്കടിച്ചും ദേഹത്തു കല്ലിട്ടും കൊലപ്പെടുത്തിയത്.

കൊലപാതകത്തിൽ പങ്കുള്ള മറ്റു പ്രതികളായ ഹരിലാൽ, കിരൺ, കിരൺ കൃഷ്ണ എന്നിവർ നേരത്തെ പിടിയിലായിരുന്നു. മുഖ്യ പ്രതിയായ അഖിൽ അപ്പുവിനെ രക്ഷപ്പെടാൻ സഹായിച്ചത് കിരണാണെന്നു പോലീസ് പറഞ്ഞു.

പ്രതികളുടെ വാഹനം ഓടിച്ചിരുന്ന അനീഷിനെ നേരത്തെ ബാലരാമപുരത്തു നിന്നും പോലീസ് അറസ്റ്റു ചെയ്തിരുന്നു. മുൻപ് നടന്ന അനന്തു കൊലക്കേസിലും അനീഷ് പ്രതിയായിരുന്നെന്ന് പോലീസ് പറഞ്ഞു. ഇയാളെ ചോദ്യം ചെയ്തതിൻറെ അടിസ്ഥാനത്തിലാണ് പോലീസ് മുഖ്യപ്രതികളിലേക്ക് എത്തിയത്.

കഴിഞ്ഞ വെള്ളിയാഴ്ചയാണ് അഖിലിനെ വീടിൻറെ പരിസരത്തുവച്ചു പ്രതികൾ ക്രൂരമായി അക്രമിച്ച് കൊലപ്പെടുത്തുന്നത്. തെരഞ്ഞെടുപ്പുദിനത്തിൽ പാപ്പനംകോടിലെ ബാറിൽവച്ച് പ്രതികളും അഖിലും തമ്മിലുണ്ടായ തർക്കമാണ് കൊലപാതകത്തിലേക്ക് നയിച്ചത്. പ്രതികൾക്കു ലഹരി സംഘവുമായി ബന്ധമുണ്ടെന്നു പോലീസ് സ്ഥിരീകരിച്ചു. 2019ൽ അനന്തു എന്ന യുവാവിനെ ആക്രമിച്ചു കൊലപ്പെടുത്തിയ കേസിലും ഇവർക്ക് പങ്കുണ്ടെന്നും പോലീസ് പറഞ്ഞു.

ഇന്നലെ വൈകുന്നേരത്തോടെ പോലീസ് ഇവരെ ചോദ്യം ചെയ്യാൻ തുടങ്ങി. ചോദ്യം ചെയ്യൽ പൂർത്തിയായ ശേഷമേ കൊലപാതകം സംബന്ധിച്ചു കൂടുതൽ വ്യക്തത വരൂ.

# വാഹനയാത്രക്കാർക്ക് ഭീഷണിയായി വെള്ളക്കെട്ട്

പാറശാല: ധനുവച്ചപുരം, കൊല്ലയിൽ പഞ്ചായത്ത് ഓഫീസിനു മുന്നിലെ വെള്ളക്കെട്ട് വാഹന യാത്രികർക്കും കാൽനടവഴി യാത്രക്കാർക്കും ദുരിതമാകുന്നു. അമരവിള, കാരക്കോണം റോഡിലാണ് വെള്ളക്കെട്ട് രൂക്ഷമാവുന്നത്. വേനൽ കടുത്തതോടെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശമായ ധനുവച്ചപുരത്താണ് കുടിവെള്ള പൈപ്പുപൊട്ടി വെള്ളം പാഴാകുന്നത്.

റോഡിലെ വെള്ളക്കെട്ടുമൂലം കാൽനടയാത്രക്കാർക്കും, ബൈക്ക് യാത്രക്കാർക്കും യാത്ര ദുരിതമാകുന്നത് അധികൃതരെ അറിയിച്ചിട്ടും ദിവസങ്ങളായി ആരും തിരിഞ്ഞു നോക്കിയിട്ടില്ലെന്ന അക്ഷേപങ്ങളാണ് നാട്ടുക്കാർക്കുള്ളത്.

കഴിഞ്ഞദിവസം രാവിലെ ഇതുവഴി വന്ന നാലോളം ബൈക്ക് യാത്രികർ റോഡിലെ കുഴി അറിയാതെ തെന്നി വീഴുകയും പരിക്കുപറ്റുകയും ചെയ്തിരുന്നു. അമരവിള, വെള്ളറട റോഡ് പണികൾ നടന്നുകൊണ്ടിരിക്കുന്ന ഈ സ്ഥലത്ത് പൈപ്പിടൽ പണികളും പുരോഗമിച്ചു കൊണ്ടിരി ക്കുകയാണ്.

എന്നാൽ തുടർച്ചയായി പൈപ്പ് ലൈനുകൾ പൊട്ടുന്നത് പതിവാണെങ്കിലും ഇന്നലെ പുലർച്ചെ പൈപ്പ് പൊട്ടി റോഡിൽ വെള്ളം നിറഞ്ഞതാണ് അവസാനത്തെ പ്രശ്നത്തിനു കാരണം. ഇപ്പോൾ റോഡാണോ, കുളമാണോ എന്ന സംശയത്തിലാണ് നാട്ടുകാർ.

റോഡിനിരുവശത്തെ വീട്ടുകാർക്ക് പുറത്തിറങ്ങാൻ കഴിയുന്നില്ലെന്നു വീട്ടമ്മമാർ അടക്കുമുള്ളവർ പ്രതികരിക്കുന്നു.

കൊല്ലയിൽ പഞ്ചായത്തിൻറെ ജനപ്രതിനിധികൾ നിരവധി പ്രാവശ്യം വാട്ടർ അഥോറിറ്റി ഉദ്യോഗസ്ഥരുമായി പൈപ്പ് പൊട്ടലിനെക്കുറിച്ച് ചർച്ച ചെയ്യുകയും ശാശ്വതമായ പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടിട്ടും തീരുമാനമായില്ല.

# ദ്വന്ദ്വാത്മകത വൈലോപ്പിള്ളി കവിതകളുടെ കരുത്ത്: ഡോ. സാബു കോട്ടുക്കൽ

തിരുവനന്തപുരം: വൈരുദ്ധ്യങ്ങളുടെ കൂട്ടിയിരുപ്പ് വൈലോപ്പിള്ളി കവിതകളുടെ അടിസ്ഥാന ഭാവമായി നിലനിൽക്കുന്നുവെന്ന് കേന്ദ്ര സാഹിത്യ അക്കാദമി ഉപദേശക സമിതി അംഗം ഡോ. സാബു കോട്ടുക്കൽ. മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോൻറെ 113ാമത് ജയന്തി ആഘോഷത്തിൻറെ ഭാഗമായി വൈലോപ്പിള്ളി സംസ്കൃതി ഭവനും പുരോഗമന കലാസാഹിത്യ സംഘം തിരുവനന്തപുരം ജില്ലാ കമ്മിറ്റിയും ചേർന്ന് സംഘടിപ്പിച്ച 'ഓർമക്കൊയ്ത്ത്' ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വൈലോപ്പിള്ളി സംസ്കൃതി ഭവൻ കുത്തരങ്ങിലായിരുന്നു പരിപാടി. മനുഷ്യകേന്ദ്രീകൃതമായ ആധുനികതയുടെ സത്ത കവിതകളിലൂടെ ആവാഹിക്കുന്പോൾ തന്നെ ഗ്രാമീണ സൗന്ദര്യ ബോധത്തെയും വൈലോപ്പിള്ളി ആവിഷ്കരിച്ചിരുന്നു. സർപ്പക്കാടും ജലസേചനവും എഴുതിയ വൈലോപ്പിള്ളി തന്നെയാണ് കന്നിക്കൊയ്ത്തും ഓണപ്പാട്ടുകാരും എഴുതിയത്. ദ്വന്ദ്വാത്മകത വൈലോപ്പിള്ളി കവിതകളുടെ കരുത്താണെന്നും സാബു കോട്ടുക്കൽ പറഞ്ഞു.

വൈലോപ്പിള്ളി സംസ്കൃതി ഭവൻ വൈസ് ചെയർമാൻ ജി. എസ്. പ്രദീപ് അധ്യക്ഷത വഹിച്ചു. ചടങ്ങിൽ വൈലോപ്പിള്ളി സംസ്കൃതി ഭവൻ മെന്പർ സെക്രട്ടറി മനേക്ഷ് പി. എസ്. സ്വാഗതം ആശംസിച്ചു. പുരോഗമന കലാസാഹിത്യ സംഘം ജില്ലാ പ്രസിഡൻറ് കെ. ജി. സൂരജ്, ജില്ലാ സെക്രട്ടറി എസ്. രാഹുൽ പുരോഗമന കലാ സാഹിത്യ സംഘം സംഘകവിത കൺവീനർ എസ്. എൻ. സന്ധ്യ എന്നിവർ പങ്കെടുത്തു.

പുരോഗമന കലാസാഹിത്യ സംഘം സംഘകവിതയുടെ നേതൃത്വത്തിൽ വി. എസ്. ലക്ഷ്മി, ജിന േ!റാ ദാസ്, ആർ. സാഥന, അഭിജിത് പ്രദീപ്, സാമജ കൃഷ്ണ, ദിവ്യലക്ഷ്മി എന്നിവർ വൈലോപ്പിള്ളി കവിതകൾ ചൊല്ലി. തുടർന്ന് വൈലോപ്പിള്ളി കവിതകളുടെ ദൃശ്യാവിഷ്ക്കാരം വെഞ്ഞാറമൂട് രംഗപ്രഭാത് കുട്ടികളുടെ നാടകവേദി അവതരിപ്പിച്ചു.

# കാട്ടാക്കടയിലേത് കൊലപാതകമെന്ന് റിപ്പോർട്ട്: വീട്ടിൽ വരാറുള്ള അജ്ഞാതൻ മന്ത്രവാദിയെന്ന് സംശയം

കാട്ടാക്കട: കാട്ടാക്കടയിൽ യുവതിയെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവം കൊലപാതകമെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. കൊലപാതകം നടന്നതായുള്ള സൂചന ലഭിച്ചെന്നും അന്വേഷണ സംഘം.

കാട്ടാക്കട മുതിയാവിളയിൽ മായ മുരളിയെയാണ് വ്യാഴാഴ്ച വീടിനോടു ചേർന്നു മരിച്ച നിലയിൽ കണ്ടെത്തിയത്. ഒപ്പം താമസിക്കുന്ന സുഹൃത്തിനായുള്ള തെരച്ചിൽ പോ ലീസ് ഊർജിതമാക്കി. കൊലപാതകത്തിൽ മറ്റൊരാൾക്ക് കൂടി പങ്കുണ്ടെന്നാണ് അന്വേ ഷണത്തിൻറെ കണ്ടെത്തൽ.

ഇന്നലെ പുറത്തുവന്ന പോസ്റ്റ് മോർട്ടം റിപ്പോർട്ടും കൊലപാതകം ഉറപ്പിക്കുന്നു. കണ്ണിലും നെഞ്ചിലും പരിക്കേറ്റ നിലയിലായിരുന്നു മൃതദേഹം കണ്ടെത്തിയത്. മർദനത്തിൻറെ പാടുകളും മൃതദേഹത്തിലുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. ഈ വീട്ടിൽ വഴക്കും ബഹളവും പതിവാണെന്ന നാട്ടുകാരുടെ യും പഞ്ചായത്തംഗത്തിൻറെയും മൊഴി ശരിവയ്ക്കുന്നതാണ് പോസ്റ്റ്മാർട്ടം റിപ്പോർട്ട്

സംസ്ഥാന ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ മെഡൽ ജേതാവ്. പത്താം ക്ലാസ് പഠനത്തിനുശേഷം ബോക്സിംഗ് കളം ഉപേക്ഷിച്ചു. പഠിക്കാൻ മിടുക്കി. സിവിൽഡിഫൻസ് അംഗമായിരുന്ന മായ ഇക്കഴിഞ്ഞ ഇലക്ഷനിൽ വോളണ്ടിയറായി സേവനം അനുഷ്ഠിച്ചിരുന്നു.

ആതുര സേവനത്തിലും പതിചരണത്തിലും മികച്ച സേവനമാണു മായ നടത്തി വന്നിരുന്നത്. ഫയർഫോഴ്സിൻറെ വോളണ്ടിറയർ കൂടിയായിരുന്നു ഇവർ. എട്ടു വർഷം മുൻപ് ആദ്യ ഭർത്താവ് മരിച്ചതോടെ മക്കളുമായി ഒറ്റപ്പെട്ട ജീവിതം. ഇതിനിടെയാണ് മായയുടെ ജീവിതത്തിലേക്ക് ഓട്ടോ ഡ്രൈവറായ രഞ്ജിത്ത് കടന്നു വന്നത്.

രണ്ടു കുട്ടികളാണ് ആദ്യവിവാഹത്തിൽ മായയ്ക്ക് ഉണ്ടായിരുന്നത്. ഇതിൽ മൂത്ത കുട്ടിയ്ക്ക് ഓട്ടിസം രോഗ ബാധയുണ്ട്. നിലവിൽ കുട്ടികൾ മായയുടെ വീട്ടിലാണ് താമസം.

കഴിഞ്ഞ എട്ടുമാസമായി മുതിയാവിളയിൽ വാടക വീട്ടിലാണ് മായയും രഞ്ജിത്തും താമസിക്കുന്നത്. സംഭവം നടന്നു രണ്ടു ദിവസം പിന്നിട്ടിട്ടും രഞ്ജിത്തിനെ കണ്ടെത്താൻ പോലീസിനു കഴിഞ്ഞിട്ടില്ല. ഇയാൾക്കായി ലുക്കൗട്ട് നോട്ടീസും പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്നലെ നടത്തിയ പരിശോധനയിൽ രഞ്ജിത്തിൻറെ ഓട്ടോ ചൂണ്ടുപലകയ്ക്കു സമീപ ത്തെ ഹോട്ടലിനു പുറകിലെ പുരയിടത്തുനിന്നും പോലീസ് കണ്ടെത്തി. ബന്ധുക്കളും മായയുടെ സുഹൃത്തിനെതിരെ ആരോപണവുമായി രംഗത്തുണ്ട്. കൊലപാതകത്തിനു പിന്നിൽ രഞ്ജിത്തിനൊപ്പം മറ്റൊരാളും ഉണ്ടെന്നും, ഇയാൾ പൂജാവിധികൾ പഠിച്ച ആളാണെന്നുമാണ് പോലീസിനു ലഭിച്ച വിവരം.

അജ്ഞാതനായ ഒരാൾ മായ താമസിച്ച വീട്ടിൽവന്നു പോകുന്നത് ശ്രദ്ധയിൽപ്പെട്ടെന്നു നാട്ടുകാർ പോലീസിനു മൊഴിയും നൽകിയിരുന്നു. പേരൂർക്കട ഭാഗത്തുള്ള ആളാകാനാണു സാധ്യതയെന്ന നിഗമനത്തിലാണ് അന്വേഷണസംഘം. ഇയാൾക്കെതിരെയും അന്വേഷണമുണ്ട്.

# പോലീസ് കാവലിൽ ഡ്രൈവിംഗ് ടെസ്റ്റ്; ഉദ്യോഗസ്ഥൻെറ മകളടക്കം പരാജയപ്പെട്ടു, കൂകിവിളിച്ച് പ്രതിഷേധക്കാർ

തിരുവനന്തപുരം: സംയുക്ത സമരസമിതിയുടെ പ്രതിഷേധങ്ങൾക്കിടയിൽ തിരുവനന്തപുരം മുട്ടത്തറയിൽ പോലീസ് കാവലിൽ ഡ്രൈവിംഗ് ടെസ്റ്റ് നടത്തി മോട്ടോർവാഹനവകുപ്പ്. അതേസമ!യം, എംവിഡി ഉദ്യോഗസ്ഥൻറെ മകളടക്കം ടെസ്റ്റിൽ പങ്കെടുത്ത മൂന്ന് അപേക്ഷകരും പരാജയപ്പെട്ടു.

മുട്ടത്തറയിൽ ഇന്ന് ടെസ്റ്റിനായി 25 പേർക്ക് സ്ലോട്ട് ലഭിച്ചിരുന്നെങ്കിലും മൂന്ന് അപേക്ഷകർ മാത്രമാണ് എത്തിയത്. റോഡ് ടെസ്റ്റിന് ശേഷമാണ് പെൺകുട്ടി എച്ച് എടുക്കാൻ എത്തിയത്. മറ്റു രണ്ട് അപേക്ഷകർ ഇരുചക്രവാഹനത്തിലാണെത്തിയത്.

വാഹനം കടത്തി വിടില്ലെന്ന നിലപാടിലായിരുന്നു സമരക്കാർ. റോഡ് ടെസ്റ്റ് പാസാകാത്ത വാഹനമാണ് ഗ്രൗണ്ട് ടെസ്റ്റിന് എത്തിയതെന്ന് അവർ ആരോപിച്ചു. പിന്നീട് പോലീസ് സമരക്കാരെ ബലം പ്രയോഗിച്ച് തള്ളിമാറ്റി അപേക്ഷകരെ ഗ്രൗണ്ടിലേക്ക് കൊണ്ടുപോയി. എച്ച് ടെസ്റ്റിൽ പെൺകുട്ടി പരാജയപ്പെട്ടതിനു പിന്നാലെ വാഹനത്തിന് മുന്നിൽ നിന്നു കൂകി വിളിച്ചുകൊണ്ടാണ് സമരക്കാർ പ്രതിഷേധിച്ചത്.

അതേസമയം ഡ്രൈവിംഗ് ടെസ്റ്റ് പരിഷ്കാരത്തിനെതിരായ പ്രതിഷേധം ശക്തമാക്കാനൊരുങ്ങിയിരിക്കുകയാണ് സംയുക്ത സമരസമിതി. ഇതിൻറെ ഭാഗമായി സംയുക്ത സമരസമിതി സെക്രട്ടറിയേറ്റിലേക്ക് മാർച്ച് നടത്തി.

## കെജ്രിവാളിനെതിരായ അപകീർത്തി കേസ്: സ്റ്റേ നീട്ടി സുപ്രീം കോടതി

ന്യൂഡൽഹി: ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെതിരായ അപകീർത്തി കേസിലെ സ്റ്റേ സുപ്രീം കോടതി നീട്ടി. ഹർജി തീർപ്പാക്കാൻ ഇരു കക്ഷികൾക്കും സമയം ആവശ്യമാണെന്ന് നിരീക്ഷിച്ചാണ് തീരുമാനം. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്ന, ദീപാങ്കർ ദത്ത എന്നിവരടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. മറ്റ് ഉത്തരവുകൾ പുറപ്പെടുവിക്കുന്നതുവരെ ഇടക്കാല സ്റ്റേ നിലനിൽക്കുമെന്നും ബെഞ്ച് വ്യക്തമാക്കി. കേസ് ഓഗസ്റ്റ് 12 ലേക്ക് മാറ്റി.

ബിജെപിയ്ക്കെതിരെ യൂട്യൂബർ ധ്രുവ് റാഠിയുടെ വീഡിയോ റീട്വീറ്റ് ചെയ്തതിന്റെ ക്രിമിനൽ മാനനഷ്ടക്കേസിൽ സമൻസ് അയച്ച തീരുമാനം ഡൽഹി ഹൈക്കോടതി ശരിവച്ചിരുന്നു. ഇതിന് പിന്നാലെ കെജ്!!രിവാൾ സുപ്രീം കോടതി സമീപിക്കുകയായിരുന്നു. മുതിർന്ന അഭിഭാഷകൻ അഭിഷേക് മനു സിങ്!വിയാണ് കെജ്!രിവാളിന് വേണ്ടി ഹാജരായത്. നേരത്തെ മാർച്ച് 11 ന് പരാതിക്കാരനോട് മാപ്പ് അപേക്ഷ നടത്തുമോയെന്ന് സുപ്രീം കോടതി കെജ്!രിവാളിനോട് ചോദിച്ചിരുന്നു.

## 'റഷ്യൻ നിയമം': ജോർജിയൻ ജനത പ്രതിഷേധം തുടരുന്നു

തിബ്ലിസി: ജോർജിയൻ സർക്കാർ നടപ്പാക്കാനൊരുങ്ങുന്ന വിദേശ ഏജൻറ് നിയമത്തിനെതിരേ ജനം വീണ്ടും തെരുവിലിറങ്ങി. ശനിയാഴ്ച രാത്രി കനത്ത മഴയെ അവഗണിച്ച് പതിനായിരങ്ങൾ തലസ്ഥാനമായ തിബ്ലിസിയിൽ പ്രകടനം നടത്തി. ജോർജിയയുടെയും യൂറോപ്യൻ യൂണിയൻറെയും പതാകകൾ വഹിച്ചായിരുന്നു പ്രകടനം.

വിദേശഫണ്ട് സ്വീകരിക്കുന്ന സംഘടനകളെയും മാധ്യമങ്ങളെയും ലക്ഷ്യമിടുന്ന നിയമത്തിനെതിരേ ഒരു മാസമായി പ്രതിഷേധം നടക്കുന്നു. എതിർശബ്ദങ്ങളെ അടിച്ചമർത്താൻ റഷ്യ നടപ്പാക്കിയ നിയമത്തിൻറെ മാതൃകയിലാണ് ജോർജിയൻ സർക്കാരും നിയമം ഉണ്ടാക്കിയിരിക്കുന്നതെന്ന് പ്രതിഷേധക്കാർ ചൂണ്ടിക്കാട്ടി.

'റഷ്യൻ നിയമം' എന്നാണ് ഇതിനെ പ്രതിഷേധക്കാർ വിളിക്കുന്നത്. യൂറോപ്യൻ യൂണിയനിൽ അംഗമാകാനുള്ള ജോർജിയയുടെ മോഹങ്ങൾക്കു നിയമം തടസം സൃഷ്ടിക്കുമെന്ന് യൂറോപ്യൻ നേതാക്കളും ചൂണ്ടിക്കാട്ടി.

## കിണറ്റിൻ അകപ്പെട്ട കാളക്കുട്ടിയെ രക്ഷപ്പെടുത്തി

കാട്ടാക്കട: കിണറ്റിൻ അകപ്പെട്ട കാളക്കുട്ടിക്ക് രക്ഷകരായി അഗ്നിരക്ഷാസേന. വിളപ്പിൽശാല ചൊവ്വള്ളൂർ മുളയറ കണികാണുംപാറ മലയത്തുവിള വീട്ടിൽ എസ്. സാംകുഞ്ഞിൻറെ രണ്ടുപ്രായമുള്ള കാളക്കിടാവാണു സമീപവാസിയുടെ കിണറ്റിൽ വീണത്.

വിവരം അറിയിച്ചതനുസരിച്ച് കാട്ടാക്കടയിൽ നിന്നുള്ള അഗ്നിശമന സേനാംഗങ്ങളെത്തി കിണറ്റിലിറങ്ങി കാളക്കുട്ടിയെ പുറത്തെടുത്തു. മഹേന്ദ്രൻ, മനോജ് മോഹൻ എന്നിവരാണ് രക്ഷാപ്രവർത്തനം നടത്തിയത്. കിണറ്റിൻറെ ഒരുഭാഗം ജെസിബി ഉപയോഗിച്ച് മണ്ണ് ഇടിച്ചു മാറ്റിയാണ് രക്ഷാപ്രവർത്തനം നടത്തിയത്.

ഞായറാഴ്ച രാവിലെ ഏഴോടെയാണ് തൊഴുത്തിൽ കെട്ടിയിരുന്ന കാളക്കുട്ടി കയർ പൊട്ടിച്ച് ഓടിയശേഷം പൊക്കം കുറഞ്ഞ സംരക്ഷണ ഭിത്തിയുള്ള കിണറ്റിൽ വീണത്.

## പ്ലസ് വൺ: അധികബാച്ച് അനുവദിക്കില്ല, ഒരു പ്രതിസന്ധിയും ഇപ്പോഴില്ലെന്ന് വിദ്യാഭ്യാസ മന്ത്രി

തിരുവനന്തപുരം: പ്ലസ് വൺ പ്രവേശനത്തിൽ അധികബാച്ച് അനുവദിക്കില്ലെന്ന് ആവർത്തിച്ച് വിദ്യഭ്യാസ മന്ത്രി വി. ശിവൻകുട്ടി. സീറ്റ് വർധനയ്ക്ക് പകരം ബാച്ച് വർധനയാണ് വേണ്ടതെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാനാവില്ലെന്നും മന്ത്രി വ്യക്തമാക്കി.

ബാച്ച് വർധിപ്പിക്കുന്നതിന് നിരവധി പരിമിതികളുണ്ട്. ഉപരിപഠനത്തിന് യോഗ്യത നേടിയ എല്ലാ കുട്ടികൾക്കും പ്രവേശനം ഉറപ്പാക്കുന്ന തരത്തിൽ സീറ്റുകൾ ഉറപ്പാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കുറേ കുട്ടികൾ വിജയിച്ചിട്ടുണ്ട്, അതുകൊണ്ട് ഒരു ക്ലാസിൽ 65 കുട്ടികളൊക്കെ ഇരിക്കേണ്ടിവരും, ജംബോ ബാച്ചുകൾ അനുവദിക്കുന്ന വിഷയം ചർച്ചയിലുണ്ട്, ഒരു പ്രതിസന്ധിയും ഇപ്പോഴില്ല, എന്തെങ്കിലും ഉണ്ടെങ്കിൽ അത് പരിഹരിക്കും, പ്രതിസന്ധിയുണ്ടെന്ന തരത്തിലുള്ള പ്രചാരണം രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ളതെന്നും മന്ത്രി വി ശിവൻകുട്ടി കുറ്റപ്പെടുത്തി.

സീറ്റ് വർധിപ്പിക്കുന്നതിനു പകരം പുതിയ ബാച്ചുകൾ അനുവദിക്കണമെന്ന മുസ്ലിം ലീഗിൻറെ ആവശ്യമാണ് മന്ത്രി തള്ളിയത്.

# സംസ്ഥാനത്ത് ഇന്നു മുതൽ നാലു ദിവസം മഴയ്ക്കു സാധ്യത

തിരുവനന്തപുരം: സംസ്ഥാനത്ത് വേനൽ ചൂടിന് ആശ്വാസമായി ഈ ആഴ്ച നാല് ദിവസം ഇടിമിന്നലോടുകൂടിയ മഴയ്ക്കു സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

ഇന്നും തിങ്കളാഴ്ചയും ചൊവ്വാഴ്ചയും പ്രധാനമായും കേരളത്തിൽ മഴ ലഭിക്കാൻ സാധ്യതയെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പു നൽകുന്നത്. ഇന്നും തിങ്കളാഴ്ചയുമായി സംസ്ഥാനത്ത് എട്ടു ജില്ലകളിൽ മഴ ലഭിച്ചേക്കും.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, മലപ്പുറം, ജില്ലകളിലാണ് ഇന്നും തിങ്കളാഴ്ചയും മഴയ്ക്കു സാധ്യതയുള്ളത്. ചൊവ്വാഴ്ച വയനാട് ജില്ലയിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്.

വയനാട്ടിൽ ഒറ്റപ്പെട്ട കനത്ത മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഉഷ്ണതരംഗ മുന്നറിയിപ്പ് പിൻവലിച്ചു. എന്നാൽ ആലപ്പുഴ, കോഴിക്കോട് ജില്ലകളിലെ ചില പ്രദേശങ്ങളിൽ ഉയർന്ന രാത്രി താപനില തുടരാൻ സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പിൽ പറയുന്നത്.

അതേസമയം, കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും ദേശീയ സമുദ്രസ്ഥിതി പഠനഗവേഷണ കേന്ദ്രം ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. ഇവിടങ്ങളിൽ റെഡ് അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ആദ്യമായാണ് കള്ളക്കടൽ പ്രതിഭാസത്തിന് റെഡ് അലർട്ട് പ്രഖ്യാപിക്കുന്നത്. ഇന്നു രാത്രി 11.30 വരെ 0. 5 മുതൽ 1.5 മീറ്റർ വരെ ഉയരത്തിൽ തിരയടിക്കാൻ സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം മുന്നറിയിപ്പു നല്കുന്നു. ബീച്ചിലേക്കുള്ള യാത്രകൾ ഒഴിവാക്കണമെന്നും നിർദേശമുണ്ട്.

## കോണ്ടാക്ട് ഡെർമറ്റൈറ്റിസിന് സൗജന്യ ചികിത്സ

30 നും 50 നും ഇടയിൽ പ്രായമുള്ളവരിൽ പാദരക്ഷകൾ, വാച്ച്, പലവിധ ലോഹങ്ങൾ കൊണ്ടുള്ള ആഭരണങ്ങൾ, മാസ്ക്, സാനിറ്റൈസർ തുടങ്ങിയ അന്യ വസ്തുക്കളുടെ നിരന്തരമായ ഉപയോഗം മൂലമോ, സമ്പർക്കം മൂലമോ ഉണ്ടാകുന്ന ത്വക്ക് രോഗത്തിന് ഗവേഷണാടിസ്ഥാനത്തിൽ പരിശോധനയും, സൗജന്യ ചികിത്സയും ഗവ.ആയുർവേദ കോളജ് ഒന്നാം നമ്പർ ഒ.പിയിൽ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക്: 8921057954.

## കോവിഷീൽഡ്: മരിച്ചവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകണമെന്ന്

കൽപ്പറ്റ: കോവിഷീൽഡിൻറെ പാർശ്വഫലങ്ങൾ മൂലം മരിച്ചവരുടെ കുടുംബങ്ങൾക്ക് 50 ലക്ഷം രൂപ വീതം കേന്ദ്ര സർക്കാർ നഷ്ടപരിഹാരം നൽകണമെന്ന് എൻസിപിഎസ് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

വാക്സിൻ മൂലം മരിച്ചവരുടെ കണക്കെടുപ്പ് നടത്തുക, വാക്സിൻ നൽകുന്നതിൽ കേന്ദ്ര സർക്കാർ കാണിച്ച തിടുക്കം അന്വേഷിക്കുക എന്നീ ആവശ്യങ്ങളും ഉന്നയിച്ചു. പ്രസിഡൻറ് ഷാജി ചെറിയാൻ അധ്യക്ഷത വഹിച്ചു.

സംസ്ഥാന സെക്രട്ടറി സി. എം. ശിവരാമൻ, ജില്ലാ ബ്ലോക്ക് നേതാക്കളായ കെ. വി. റെനിൽ, പി. പി. സദാനന്ദൻ, ജോണി കൈതമറ്റം, അനൂപ് ജോജോ, സലിം കടവൻ, ടി. പി. നൂറുദ്ദീൻ,

എ. പി. ഷാബു, എം. കെ. ബാലൻ, ഷൈജു വി. കൃഷ്ണ, ഷിംജിത് പീറ്റർ, മമ്മൂട്ടി എളങ്ങോളി, പി. അശോകൻ, സുദേഷ് മുട്ടിൽ, കെ. സി. സ്റ്റീഫൻ, സി. എം. വത്സല, ആർ. മല്ലിക എന്നിവർ പ്രസംഗിച്ചു.

## മാക്കൂട്ടം ചുരം പാതയിൽ വാഹനാപകടം; ആറുപേർക്കു പരിക്ക്

ഇരിട്ടി: കൂട്ടുപുഴ മാക്കൂട്ടം ചുരം പാതയിൽ വാഹനാപകടം. വിവാഹത്തിൽ പങ്കെടുക്കാനായി പാനൂരിലേക്ക് വരികയായിരുന്ന കാറും പെരുമ്പാടി ഭാഗത്തേക്ക് പോവുകയായിരുന്ന സ്കൂട്ടിയും തമ്മിൽ കൂട്ടിയിടിച്ചായിരുന്നു അപകടം.

അപകടത്തിൽ കാർ യാത്രികരായ നസീമ, ഖദീജ, ഷംല, അജ്മൽ, മുഹമ്മദ് എന്നിവർക്കും സ്കൂട്ടർ യാത്രികനായ എടൂർ സ്വദേശി അജിത്തിനുമാണ് പരിക്കേറ്റത്. ഇവരെ ഇരിട്ടിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാവിലെ 11 ഓടെ കുട്ടപ്പാലം വളവിലായിരുന്നു അപകടം. സ്കൂട്ടിയിൽ ഇടിച്ച കാർ നിയന്ത്രണം വിട്ട് മൺതിട്ടയിൽ ഇടിച്ചാണ് കാർ യാത്രികർക്ക് പരിക്കേൽക്കാൻ ഇടയാക്കിയത്. ആരുടെയും പരിക്ക് ഗുരുതരമല്ല.



# ഹരിഹരൻറെ വീട് ആക്രമിച്ചത് സിപിഎം, ഡിവൈഎഫ്ഐ പ്രവർത്തകരെന്ന് എഫ്ഐആർ

കോഴിക്കോട്: ആർഎംപി നേതാവ് കെ. എസ്. ഹരിഹരൻറെ വീട് ആക്രമിച്ചത് സിപിഎം, ഡിവൈഎഫ്ഐ പ്രവർത്തകരെന്ന് പോലീസിൻറെ എഫ്ഐആർ. ഗേറ്റിന് മുന്നിൽ സ്ഫോടക വസ്തുക്കൾ പൊട്ടിക്കുകയായിരുന്നു എന്നും എഫ്ഐആറിൽ വ്യക്തമാക്കുന്നു.

വീടിന് മുന്നിലെത്തി ഹരിഹരനെ അസഭ്യം പറഞ്ഞതിന് മറ്റൊരു എഫ്ഐആറും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവത്തിൽ കണ്ടാൽ അറിയാവുന്ന മൂന്ന് പേർക്കെതിരെ കേസെടുത്തിട്ടുണ്ട്. എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ട് മൂന്ന്, അഞ്ച് വകുപ്പുകൾ പ്രകാരമാണ് കേസ്. അതേസമയം സംഭവത്തിലെ പ്രതികളാരെന്ന് ഇതുവരെ തിരിച്ചറിഞ്ഞിട്ടില്ല.

ഞായറാഴ്ച രാത്രി 8.15 നാണ് ആക്രമണമുണ്ടായത്. സ്ഫോടക വസ്തു എറിയുകയായിരുന്നില്ല, മറിച്ച് ബോംബ് അവിടെ വെച്ച് പൊട്ടിച്ചതാണെന്നാണ് ബോംബ് സ്ക്വാഡ് പരിശോധനയിൽ കണ്ടെത്തിയത്.

സ്ഫോടകവസ്തുവിൽ ഉപയോഗിച്ച കെമിക്കലുകൾ ഏതാണെന്ന് കണ്ടെത്താനായി രാസപരിശോധനയ്ക്ക് അയച്ചിരിക്കുകയാണ്. മാരകമായ സ്ഫോടക വസ്തുക്കൾ അല്ല ഉപയോഗിച്ചത് എന്നാണ് പ്രാഥമിക നിഗമനം. സമീപത്തെ സിസിടിവി ദൃശ്യങ്ങൾ പോലീസ് ശേഖരിച്ചുവരികയാണ്.

തൻറെ വീട് ആക്രമിച്ചതിന് പിന്നിൽ സിപിഎം ആണെന്നാണ് ഹരിഹരൻറെ ആരോപണം. രാത്രി മുതൽ ഒരു സംഘം വീടിനു പരിസരത്ത് റോന്തുചുറ്റുന്നതായി ശ്രദ്ധയിൽപെട്ടിരുന്നുവെന്നും സ്ഫോടനത്തിനു ശേഷം അവശിഷ്ടങ്ങൾ ഇതേ സംഘമെത്തി പിന്നീട് വാരിക്കൊണ്ടുപോയതായും ഹരിഹരൻ വ്യക്തമാക്കി.

അതേസമയം സ്ത്രീവിരുദ്ധ പരാമർശത്തിൽ ഹരിഹരനെതിരെ വടകര പോലീസ് കേസെടുത്തിട്ടുണ്ട്. സിപിഎം, ഡിവൈഎഫ്ഐ തുടങ്ങിയ സംഘടനകൾ ഹരിഹരനെതിരെ കേസെടുക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു.

# പട്ടം എസ് യു ടി ആശുപത്രിയുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

തിരുവനന്തപുരം: ലോക മാതൃദിനത്തോടനുബന്ധിച്ച് എസ് യു ടി ആശുപത്രിയുടെ നേതൃത്വത്തിൽ നാഷണൽ ഫൗണ്ടേഷൻ ഫോർ ടീച്ചേഴ്സ് വെൽഫെയർ ഗവൺമെന്റ് ഹെർമിടേജ് അന്തേവാസികൾക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

ആശുപത്രിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ ഗവൺമെന്റ് ഹെർമിടേജ് മാനേജർ കേശവൻകുട്ടി, പേട്ട വൊക്കേഷണൽ ഗേൾസ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് അനിത വി ഡി ഉൾപ്പെടെ അമ്പതോളം അന്തേവാസികൾ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്തു.

# എയർ ഇന്ത്യ എക്സ്പ്രസ് സർവീസുകൾ ഇന്നും താറുമാറായി; കണ്ണൂരിലും കൊച്ചിയിലും വിമാനങ്ങൾ റദ്ദാക്കി

കൊച്ചി: ജീവനക്കാരുടെ സമരം പിൻവലിച്ചെങ്കിലും എയർ ഇന്ത്യ എക്സ്പ്രസ് വിമാന സർവീസുകൾ ഇന്നും സാധാരണ നിലയിലായില്ല. കണ്ണൂരിൽ നിന്നുള്ള രണ്ട് സർവീസുകളും കൊച്ചിയിൽ നിന്നുള്ള ഒരു സർവീസുമാണ് ഇന്ന് രാവിലെ റദ്ദാക്കിയത്.

അബുദാബി, റിയാദ്, ദമാം, ബഹ്റൈൻ എന്നിവിടങ്ങളിൽ നിന്ന് കൊച്ചിയിലേക്ക് എത്തേണ്ട സർവീസുകളും റദ്ദാക്കി. ആഭ്യന്തര വിഭാഗത്തിൽ ബംഗളൂരു, കൊൽക്കത്ത, ഹൈദരാബാദ് സർവീസുകളും ഇന്ന് മുടങ്ങി. കൊച്ചിയിൽ നിന്നുള്ള ചില സർവീസുകൾ ഞായറാഴ്ചയും മുടങ്ങിയിരുന്നു. ദമാം, ബഹ്റൈൻ എന്നിവിടങ്ങളിലേക്ക് കൊച്ചിയിൽ നിന്നുള്ള വിമാന സർവീസുകളാണ് മുടങ്ങിയത്.

അബുദാബി, റിയാദ്, ദമാം, ബഹ്റൈൻ എന്നിവിടങ്ങളിൽ നിന്ന് കൊച്ചിയിലേക്ക് എത്തേണ്ട സർവീസുകളും ഞായറാഴ്ച ഉണ്ടായില്ല. ജീവനക്കാർ സമരം പിൻവലിച്ചെങ്കിലും സർവീസുകൾ പൂർണമായും സാധാരണ നിലയിലാകാത്തതാണ് കഴിഞ്ഞ ദിവസവും വിമാനങ്ങൾ റദ്ദാക്കാൻ കാരണം. വിവിധ വിമാനത്താവളങ്ങളിലായി ലക്ഷക്കണക്കിന് ആളുകളുടെ യാത്ര മുടങ്ങി. ചൊവ്വാഴ്ചയോടെ സർവീസുകൾ പൂർണമായും സാധാരണ നിലയിലാകുമെന്നാണ് അറിയിപ്പ്.

# ഗ്രന്ഥശാലകളെ കേന്ദ്രത്തിൻെറ നിയന്ത്രണത്തിലാക്കാനുള്ള നീക്കം അവസാനിപ്പിക്കണമെന്ന്

പരപ്പ: ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ പ്രകാരം സംസ്ഥാനസർക്കാർ നിയന്ത്രണത്തിലുള്ള ലൈബ്രറികളെ കൺകറൻറ് ലിസ്റ്റിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിൻറെ നിയന്ത്രണത്തിലാക്കാനുള്ള നീക്കം അവസാനിപ്പിക്കണമെന്ന് വെള്ളരിക്കുണ്ട് താലൂക്ക് ലൈബ്രറി കൗൺസിൽ സംഗമം ആവശ്യപ്പെട്ടു.

ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളാണ് കേരളത്തിലെ ഗ്രന്ഥശാലകൾക്ക് നേതൃത്വം നൽകുന്നത്. ലൈബ്രറികളെ കൺകറൻറ് ലിസ്റ്റിൽ ഉൾപ്പെടുത്തിയാൽ ഗ്രന്ഥശാലകളുടെ സ്വയംഭരണം ഇല്ലാതാവും. ഏതൊക്കെ പുസ്തകങ്ങൾ വായിക്കണമെന്ന കാര്യത്തിൽപോലും സ്ഥാപിത താല്പര്യക്കാരുടെ ഇടപെടലുകൾ ഉണ്ടാകും.

ശാസ്ത്രബോധവും പുരോഗമന ചിന്തയും ലൈബ്രറികളിൽ നിന്ന് ഒഴിവാക്കാനുള്ള ശ്രമങ്ങളുടെ ഭാഗമാണിത്. കേരളത്തിൻറെ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക മുന്നേറ്റത്തിലും നവോത്ഥാന ആശയങ്ങൾ ജനങ്ങളിലെത്തിക്കുന്നതിലും സജീവമായ പങ്കാളിത്തമാണ് ലൈബ്രറികൾ നിർവഹിച്ചിട്ടുള്ളത്. ഗ്രന്ഥശാല പ്രസ്ഥാനത്തെ സംരക്ഷിക്കാൻ എല്ലാവരും രംഗത്തുവരണമെന്നും സംഗമം അഭ്യർത്ഥിച്ചു.

ഗ്രന്ഥാലോകം ചീഫ് എഡിറ്റർ പി.വി.കെ പനയാൽ ഉദ്ഘാടനം ചെയ്തു. താലൂക്ക് കൗൺസിൽ പ്രസിഡൻറ് ജോസ് സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ചു. ജില്ലാ വൈസ് പ്രസിഡൻറ് കെ.ശശിധരൻ, ജോയിൻറ് സെക്രട്ടറി പി.രാജൻ, ജില്ലാ എക്സിക്യൂട്ടീവ് അംഗം പി.കെ.മോഹനൻ എന്നിവർ പ്രസംഗിച്ചു. പഞ്ചായത്തിലെ മുഴുവൻ വായനശാലകളിലും വായന ചാലഞ്ചിന് തുടക്കം കുറിച്ച ഈസ്റ്റ് എളേരി പഞ്ചായത്ത് നേതൃസമിതി കൺവീനർ പി.ഡി.വിനോദിനെ യോഗം അനുമോദിച്ചു. താലൂക്ക് സെക്രട്ടറി എ.ആർ.സോമൻ പ്രവർത്തന റിപ്പോർട്ടും ബഡ്ജറ്റും അവതരിപ്പിച്ചു. എ.കെ.രാജേന്ദ്രൻ, കെ.സുധാകരൻ, പി.ഡി.വിനോദ്, എ.അപ്പുക്കുട്ടൻ, സി.ഭാസ്കരൻ, എ.ആർ.രാജു, എൻ.കെ.ഭാസ്കരൻ, കെ.ദാമോദരൻ എന്നിവർ പ്രസംഗിച്ചു.

# കാറിൽ കടത്തിയ രണ്ടു കോടിയുടെ സ്വർണം പിടികൂടി

ചെറുവത്തൂർ: ആഡംബര കാറിൻറെ രഹസ്യ അറയിൽ വച്ച് കടത്തിക്കൊണ്ടുപോവുകയായിരുന്ന രണ്ട് കോടിയോളം വിലമതിക്കുന്ന സ്വർണം കസ്റ്റംസ് സ്പെഷൽ വിംഗ് പിടികൂടി. കാറിലുണ്ടായിരുന്ന മംഗളൂരു സ്വദേശി ദേവരാജ സേട്ടി (66) നെ അറസ്റ്റ് ചെയ്തു.

ഇയാളുടെ കാറും കസ്റ്റഡിയിലെടുത്തു. 2838.35 ഗ്രാം തൂക്കം വരുന്ന 24 കാരറ്റ് സ്വർണമാണ് പിടികൂടിയത്. ഇതിന് 2.04 കോടി രൂപ വിലവരുമെന്ന് കസ്റ്റംസ് സൂപ്രണ്ട് പി.പി.രാജീവ് പറഞ്ഞു. സംസ്ഥാനത്തെ വിവിധ വിമാനത്താവളങ്ങൾ വഴി എത്തിയ കള്ളക്കടത്ത് സ്വർണം ഉരുക്കി ആഭരണങ്ങൾ നിർമിക്കാനായി കൊണ്ടുപോവുകയായിരുന്നുവെന്നാണ് കസ്റ്റംസിന് ലഭിച്ച സൂചന.

രഹസ്യ വിവരത്തിൻറെ അടിസ്ഥാനത്തിൽ വെള്ളിയാഴ്ച ദേശീയപാതയിൽ കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ വച്ചാണ് സ്വർണം പിടികൂടിയത്. കോഴിക്കോട് കൊടുവള്ളിയിൽ നിന്ന് മംഗളൂരുവിലെ ആഭരണ നിർമാണ ശാലയിലേക്ക് കൊണ്ടുപോവുകയാണെന്നാണ് അറസ്റ്റിലായ ദേവരാജ് കസ്റ്റംസിന് മൊഴി നൽകിയത്.

# കാസർഗോഡ് നഗരത്തിൽ ഇന്ന് രാത്രിയും നാളെ രാവിലെയും ദേശീയപാത അടയ്ക്കും

കാസർഗോഡ്: ദേശീയപാതയിലെ നിർമാണപ്രവൃത്തികളുടെ ഭാഗമായി കാസർഗോഡ് നഗരത്തിൽ ഇന്ന് രാത്രി ഒമ്പതു മുതൽ നാളെ രാവിലെ ഒമ്പതു വരെ ദേശീയപാത അടയ്ക്കും. പുതിയ ബസ് സ്റ്റാൻഡിനും നുള്ളിപ്പാടിക്കും ഇടയിലെ 150 മീറ്റർ ഭാഗമാണ് പൂർണമായും അടക്കുന്നത്. ഈ ഭാഗത്ത് നിർമിക്കുന്ന മേൽപാലത്തിൻറെ സ്പാനുകളുടെ കോൺക്രീറ്റിംഗ് പ്രവൃത്തി നടക്കുന്നതിനാലാണ് ഇത്.

മംഗളൂരു ഭാഗത്തുനിന്ന് വരുന്ന വാഹനങ്ങൾ പുതിയ ബസ് സ്റ്റാൻഡിനു മുന്നിൽവച്ച് തിരിഞ്ഞ് എംജി റോഡ്, ചന്ദ്രഗിരി പാലം വഴി കാഞ്ഞങ്ങാട് ഭാഗത്തേക്ക് പോകണം.

തിരിച്ച് കാഞ്ഞങ്ങാട് ഭാഗത്തുനിന്നും മംഗളൂരു ഭാഗത്തേക്ക് പോകുന്ന ആംബുലൻസുകൾ അടക്കമുള്ള വാഹനങ്ങളും കാഞ്ഞങ്ങാട്ബേക്കൽചന്ദ്രഗിരി പാലം സംസ്ഥാനപാത വഴി പോകണം. ചെർക്കള, വിദ്യാനഗർ ഭാഗങ്ങളിൽ നിന്നു വരുന്ന വാഹനങ്ങളെ വിദ്യാനഗർചൗക്കിഉളിയത്തടുക്ക, മധൂർ റോഡുകൾ വഴി തിരിച്ചുവിടും.

# പുറമ്പോക്ക് ഭൂമി അളന്നുതിട്ടപ്പെടുത്തിയിട്ടും ഏറ്റെടുക്കാത്തത് റോഡ് വികസനത്തിന് തടസമാകുന്നു

രാജപുരം: പുറമ്പോക്ക് ഭൂമി അളന്നുതിട്ടപ്പെടുത്തിയിട്ടും പൊതുമരാമത്ത് വകുപ്പ് പൂർണമായും ഏറ്റെടുക്കാത്തതിനാൽ വികസനം തടസപ്പെടുന്നതായി പരാതി. കാഞ്ഞങ്ങാട്പാണത്തൂർ സംസ്ഥാന പാതയിലാണ് ഇത്തരത്തിൽ പരാതി ഉയർന്നത്. നിലവിൽ പൂടംകല്ല് മുതൽ പാണത്തൂർ ചെറങ്കടവ് വരെയുള്ള റോഡ് വികസനം നടന്നുകൊണ്ടിരിക്കുന്ന പല സ്ഥലത്തും ആവശ്യത്തിന് സ്ഥലം ഏറ്റെടുക്കാതെ വികസനം നടത്തുന്നതിനാൽ പലയിടത്തും പ്ലാൻ പ്രകാരമല്ല റോഡ് നിർമിച്ചുകൊണ്ടിരിക്കുന്നത് എന്നാണ് ആക്ഷേപം.

ഇതുമൂലം പൂടംകല്ല് കള്ളാർ, പനത്തടി, ബളാംതോട് എന്നീ പ്രധാന ടൗണുകളിൽ വികസനം വഴിമുട്ടി എന്നും ആക്ഷേപമുണ്ട്. ഡിജിറ്റൽ സർവേ നടത്തി അളന്നുതിട്ടപ്പെടുത്തിയ പുറമ്പോക്ക് ഭൂമിയുടെ അതിർത്തിക്കകത്ത് വരുന്ന കെട്ടിടങ്ങൾക്കും, മൂന്നു മീറ്റർ പരിധിക്കകത്തുള്ള നിർമാണങ്ങൾക്കും നിലവിൽ പഞ്ചായത്ത് കെട്ടിട നമ്പർ നൽകുന്നുണ്ട്. ഈ രീതിയിൽ നിർമിച്ച അനധികൃത കെട്ടിടങ്ങളുടെ നമ്പർ റദ്ദ് ചെയ്യണം എന്നാവശ്യപ്പെട്ട് മലനാട് വികസന സമിതി കെആർഎഫ്ബി എക്സിക്യൂട്ടീവ് എൻജിനിയർക്ക് പരാതി നൽകിയിരുന്നു. എന്നാൽ, പാണത്തൂർ ചെറങ്കടവ് റോഡിൽ എസ്റ്റിമേറ്റ് പ്രകാരം 13.60 മീറ്ററിൽ റോഡ് നിർമാണം നടക്കുന്നുണ്ടെന്നും പുറമ്പോക്ക് ഭൂമിയിൽ ദൂരപരിധി ലംഘിച്ചുള്ള നിർമാണത്തിന് നടപടി സ്വീകരിക്കേണ്ടത് പഞ്ചായത്ത് അധികൃതർ ആണെന്നാണ് കെആർഎഫ്ബിയുടെ വിശദീകരണം.

അതേസമയം പല സ്ഥലത്തും റോഡിന് ആവശ്യമായ വീതി ഇല്ലെന്നും വളവുകൾ നിവർത്താതെ നിലവിലെ റോഡ് അലൈൻമെൻറിൽ തന്നെ നിർമാണം നടത്തുകയാണെന്നും മലനാട് വികസന സമിതി ഭാരവാഹികൾ ആരോപിക്കുന്നു. രാജപുരം, മാലക്കല്ല് എന്നിവിടങ്ങളിൽ നാലുവരി പാതയാണ് എസ്റ്റിമേറ്റിൽ പറയുന്നത്. എന്നാൽ, ഇതിനാവശ്യമായ രീതിയിലല്ല നിർമാണം നടക്കുന്നത് എന്നും ഇവർ പറയുന്നു.

റോഡ് കൈയേറി നിർമിച്ചിരിക്കുന്ന കെട്ടിടങ്ങൾക്കും മൂന്നു മീറ്റർ പരിധി പാലിക്കാത്ത നിർമാണ പ്രവർത്തനങ്ങൾക്കും മാനദണ്ഡങ്ങൾ പാലിച്ചു മാത്രം കെട്ടിട നമ്പർ നൽകാൻ അധികൃതർ തയാറാകണമെന്നും ഇല്ലെങ്കിൽ നിയമപരമായ വഴി തേടുമെന്നും മലനാട് വികസന സമിതി ജനറൽ സെക്രട്ടറി ബാബു കദളിമറ്റം, സെക്രട്ടറി ബി. അനിൽകുമാർ, ട്രഷറർ ആർ. സൂര്യനാരായണഭട്ട് എന്നിവർ അറിയിച്ചു.

# മാങ്ങോട് ചെക്ക് ഡാമിലെ മണൽ നീക്കണമെന്ന ആവശ്യം ശക്തമാകുന്നു

ഭീമനടി: വെസ്റ്റ് എളേരി പഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായ മാങ്ങോട് ചെക്ക് ഡാമിൽ കൂടിക്കിടക്കുന്ന മണൽ മഴയ്ക്കുമുമ്പ് നീക്കംചെയ്യണമെന്ന ആവശ്യം ശക്തമാകുന്നു. വർഷങ്ങളായി അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യാത്തതാണ് വേനൽക്കാലത്ത് ഡാമിൽ വെള്ളം കുറയാനുള്ള പ്രധാന കാരണമെന്ന് നാട്ടുകാർ ചൂണ്ടിക്കാണിക്കുന്നു. ഇത്തവണ ചെക്ക് ഡാമിൽ വെള്ളം തീരെ കുറഞ്ഞത് പഞ്ചായത്തിലെ കുടിവെള്ള വിതരണത്തെ സാരമായി ബാധിച്ചിരുന്നു.

ചെക്ക് ഡാമിൽ വെള്ളമില്ലാതായതോടെ സമീപപ്രദേശങ്ങളിലെ കിണറുകളിലും വെള്ളം കുറഞ്ഞു. ചെക്ക് ഡാമിലെ മണൽ നീക്കണമെന്നാവശ്യപ്പെട്ട് നാട്ടുകാർ നിരവധി തവണ ബന്ധപ്പെട്ടവർക്ക് നിവേദനം നൽകിയിരുന്നു.

ഈ സമയത്ത് നീക്കംചെയ്താൽ ശുദ്ധമായ നൂറുകണക്കിന് ലോഡ് മണൽ ഇവിടെനിന്നും ലഭിക്കും. മഴക്കാലം തുടങ്ങുമ്പോൾ പുഴയുടെ ഒഴുക്ക് സുഗമമാക്കാനും അടുത്ത വേനലിൻറെ തുടക്കം മുതൽ തന്നെ ആവശ്യത്തിന് വെള്ളം പിടിച്ചുനിർത്താനും ഇത് സഹായകമാകും.

# മഞ്ചേശ്വരത്ത് വീണ്ടും മണൽ ലോറി പിടിച്ചു

കാസർഗോഡ്: മഞ്ചേശ്വരം താലൂക്കിൽ അനധികൃത ചെങ്കല്ല്, മണൽ കടത്തിനെതിരെ വീണ്ടും നടപടി. ഇന്നലെ ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള സംഘം നടത്തിയ റെയ്ഡിൽ അനധികൃതമായി മണൽ കടത്തുകയായിരുന്ന ലോറിയും പുഴ മണലും പിടികൂടി.

പരിശോധനാ സംഘത്തെ കണ്ട് വാഹനം ഉപേക്ഷിച്ചുപോയ ഡ്രൈവറുടെ മൊബൈൽ ഫോണും കണ്ടെടുത്തു. കയ്യാർ കൂടൽമെർക്കള വില്ലേജിലെ ചേവാർ റോഡിൽ നിന്നാണ് ലോറി പിടികൂടിയത്. ഇത് പിന്നീട് കളക്ടറേറ്റ് വളപ്പിലേക്ക് മാറ്റി. ശനിയാഴ്ച തഹസിൽദാറുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ അനധികൃതമായി ചെങ്കല്ലും മണലും കടത്തിയ ആറ് വാഹനങ്ങൾ പിടികൂടിയിരുന്നു.

# ചികിത്സ കഴിഞ്ഞ് പുറത്തിറങ്ങിയ സിആർപിഎഫ് ജവാൻ മുങ്ങി; തെരച്ചിലിനൊടുവിൽ കണ്ടെത്തി

തൃക്കരിപ്പൂർ: പരിശീലനത്തിനിടയിൽ നാട്ടിലേക്ക് രക്ഷപ്പെടാൻ ശ്രമിച്ച പെരിങ്ങോം സിആർപിഎഫ് ക്യാമ്പിലെ ജവാനെ കണ്ടെത്തി. അഞ്ചു മണിക്കൂർ നീണ്ട നാട്ടുകാരുടെയും ചന്തേര പോലീസിൻറെയും പെരിങ്ങോം സിആർപിഎഫ് അധികൃതരുടെയും തെരച്ചിലിനൊടുവിലാണ് ഉത്തർപ്രദേശ് സ്വദേശിയായ സിആർപിഎഫ് ജവാൻ രോഹിതി(23)നെ ഇന്നലെ പുലർച്ചെ ഉദിനൂരിൽ കണ്ടെത്തിയത്.

ആരോഗ്യ പ്രശ്നങ്ങളെ തുടർന്ന് ചികിത്സയിലായിരുന്ന രോഹിത് ബുധനാഴ്ച വൈകുന്നേരമാണ് പരിയാരം ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ നിന്ന് മരുന്ന് വാങ്ങി പെരിങ്ങോത്തേക്ക് കൊണ്ടുപോവുന്നതിനിടയിൽ കൂടെയുണ്ടായിരുന്നവരുടെ കണ്ണുവെട്ടിച്ച് കടന്നു കളഞ്ഞത്.

പെരിങ്ങോം സിആർപിഎഫ് കമാൻഡൻറ് പോലീസിൽ വിവരമറിയിച്ചതിനെ തുടർന്ന് മൊബൈൽ ലൊക്കേഷൻ കേന്ദ്രീകരിച്ച് പോലീസ് അന്വേഷണം ആരംഭിച്ചത്. റെയിൽവേ ട്രാക്കിനടുത്ത് രോഹിത്തിൻറെ മൊബൈൽ ലൊക്കേറ്റ് ചെയ്തതിൻറെ അടിസ്ഥാനത്തിലാണ് ഉദിനൂരിനും ഇളമ്പച്ചിക്കുമിടയിൽ തെരച്ചിൽ ആരംഭിച്ചത്. ഒടുവിൽ ഇന്നലെ പുലർച്ചെ 12 കഴിഞ്ഞാണ് ഉദിനൂർ റെയിൽവേ ഗേറ്റിനടുത്തുള്ള കോഴിക്കടയ്ക്ക് സമീപം പതുങ്ങിയിരിക്കുന്ന ജവാനെ കണ്ടെത്തിയത്. ചന്തേര എസ്ഐ പി. മനോജിൻറെ നേതൃത്വത്തിൽ പോലീസും ജനപ്രതിനിധികളും നാട്ടുകാരും പെരിങ്ങോം സിആർപിഎഫ് കമാൻഡൻറ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും ഉദിനൂരിലെത്തിയിരുന്നു.

# നഴ്സുമാരെ ചൂഷണം ചെയ്യുന്നത് തടയാൻ കഴിയാത്തത് ഖേദകരം: മുരുകൻ കാട്ടാക്കട

പരിയാരം: മാലാഖമാർ എന്നു പറഞ്ഞ് സന്തോഷിപ്പിക്കുന്നതിലപ്പുറം നഴ്സുമാരുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ആരും ശ്രമിക്കുന്നില്ലെന്ന് കവി മുരുകൻ കാട്ടാക്കട. കണ്ണൂർ ജില്ലാ നഴ്സസ് വാരാഘോഷ സമാപന സമ്മേളനം കണ്ണൂർ ഗവ. മെഡിക്കൽ കോളജ് ഓപ്പൺ എയർ ഓഡിറ്റോറിയത്തിലെ ലിനി പുതുശേരി നഗറിൽ ഉദ്ഘാടനം ചെയ്തതു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വികസിത രാജ്യമായ അമേരിക്ക പോലുള്ള സ്ഥലങ്ങളിൽ ചികിത്സ ആരോഗ്യ ഇൻഷ്വറൻസ് ഉള്ളവരിലേക്ക് ചുരുങ്ങുമ്പോൾ കേരളം ലോകത്തിന് മാതൃകയാവുന്ന വിധത്തിൽ ആരോഗ്യ സംരക്ഷണ രംഗത്ത് ഉയർന്ന നിലവാരം പുലർത്തുകയാണ്. എന്നാൽ, സ്വകാര്യ ആശുപത്രികളിൽ നഴ്സുമാർ ചൂഷണത്തിന് വിധേയമാകുന്നുണ്ട്.

ഇതിനെതിരേ പ്രതികരിക്കാൻ ഒരു രാഷ്ട്രീയ പാർട്ടികളും സംഘടനകളും മുന്നോട്ടു വരുന്നില്ല എന്നത് ഖേദകരമാണ്. ഇക്കാര്യത്തിൽ ആർക്കും ഒന്നും ചെയ്യാൻ കഴിയുന്നില്ലെന്നത് ദുഃഖകരമാണെന്നും മുരുകൻകാട്ടാക്കട പറഞ്ഞു.

ജില്ലാ നഴ്സിംഗ് ഓഫീസർ ദേവയാനി കല്ലേൻ അധ്യക്ഷത വഹിച്ചു. എം. വിജിൻ എംഎൽഎ മുഖ്യാതിഥിയായിരുന്നു.

ജില്ലാ പ്രോഗ്രാം മാനേജർ ഡോ. പി. കെ. അനിൽകുമാർ, മെഡിക്കൽ സൂപ്രണ്ട് ഡോ. കെ. സുദീപ്, ടി. ജി. പ്രീത, എം. കെ. പ്രീത, പി. ജെ. ലൂസി, കെ. വി. പുഷ്പജ, റോബിൻ ബേബി, പി. എ. ജയ, ടി. ടി. ഖമറു സമാൻ, കെ. സി. ബീന എന്നിവർ പ്രസംഗിച്ചു. സർവീസിൽ നിന്നും വിരമിക്കുന്നവർക്കുള്ള യാത്രയയപ്പ്, വിവിധമേഖലകളിൽ കഴിവ് തെളിയിച്ചവർക്കുള്ള ആദരം, നഴ്സ്മാരുടെയും നഴ്സിംഗ് വിദ്യാർഥികളുടെയും കലാപരിപാടികളും നടന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

